(Pages : 4) **P – 7589**

Reg. No. : ..............................

Name : ..................................

# First Semester B.A. Degree Examination, March 2023

## First Degree Programme under CBCSS

## Malayalam : Language, Culture and Literature

## Core Course I

## ML 1141 : നോവൽ സാഹിത്യം

## (2021 Admission Onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. മലയാളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവലേത്?

2. 'ഘാതകവധം' ഏതു കൃതിയുടെ പരിഭാഷയാണ്?

3. സി.വി.യുടെ ചരിത്രാഖ്യായികകൾ ഏതെല്ലാം?

4. 'സുന്ദരികളും സുന്ദരന്മാരും' - ആരുടെ കൃതി?

5. 'സ്രാവിന്റെ പുയാപ്ല' എന്നാണ് പിള്ളേർ അയാളെപ്പറ്റി പറയുക - ആരെപ്പറ്റി?

6. രാജലക്ഷ്മിയുടെ അപൂർണ്ണ നോവൽ ഏത്?

7. 'എങ്ങനെയാണ് സന്തോഷം ഉൽപാദിപ്പിക്കുക' എന്ന വാക്യത്തോടെ ആരംഭിക്കുന്ന മലയാള നോവൽ ഏത്?

P.T.O.

VTM NSS COLLEGE LIBRARY

8. 'അന്ധനായ ദൈവം' എന്ന നോവൽ പഠനം എഴുതിയതാര്?

9. "ഒഴുക്കിൽപ്പെട്ട വെള്ളത്താമരപ്പൂപോലെ അവൾ അകന്നു പോവുകയാണ്." ആര്?

10. 'മണൽ ജീവികൾ' എഴുതിയതാര്?

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ കവിയാതെ ഏതെങ്കിലും **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. നോവെല്ലയും റൊമാൻസും നിർവ്വചിക്കുക.

12. 'അവൻ അവർക്കുമീതെ വിതാനമൊരുക്കിയിരുന്ന ആകാശത്തിലേക്കു നോക്കി' - ശിവൻ ഈ വിധം നിസ്സഹായനാകാനുണ്ടായ സാഹചര്യമെന്തായിരുന്നു?

13. "ആനയെ പിടിച്ച് ആട്ടിൻകൂട്ടിൽ തള്ളാൻ കഴിയുമോ?" - സന്ദർഭമേത്?

14. "നിങ്ങൾ മലയാളികൾ ഒരത്ഭുത ജനതയാകുന്നു" എന്നു ചോദ്യകർത്താവ് പറയാനുള്ള കാരണമെന്ത്?

15. 'ഹൃദയാഘാതം സംഭവിച്ചൊരു കാലത്തിന്റെ തന്മാത്രയിൽ ഞങ്ങൾ രണ്ടുപേരും തറഞ്ഞു പോയി' - ആരൊക്കെ? സന്ദർഭം എഴുതുക.

16. "എന്റെ മനസ്സിന്ന് അഭിരുചി തോന്നുന്നവൻ എന്റെ ഭർത്താവെന്നു മാത്രമാണ് ഞാൻ നിശ്ചയിച്ചിട്ടുള്ളത്" - ആരുടെ വാക്കുകൾ? സന്ദർഭമേത്?

17. "ഇങ്ങിനെയൊരു കുട്ടി ആവശ്യമില്ല. ഈ കുട്ടി അധികപ്പറ്റാണ്" - ആരുടെ വാക്കുകൾ?

18. 'അസ്ഥി മാത്രശരീരനായ ഒരു കുറ്റൻ നാഗം ഫണം വിടർത്തി തന്നെ തുറിച്ചു നോക്കുന്നതുപോലെ തോന്നി' - ആർക്ക്? എന്ത്?

19. 'നിന്തിരുവടികൾ ആ ചന്ദനത്തെ ചാരിനില്ക്കുന്നതു കണ്ടു. കൊണ്ടു പോകുമോ?' - സന്ദർഭമെഴുതുക.



VTM NSS COLLEGE LIBRARY

20. ഇംഗ്ലീഷ് വിദ്യാഭ്യാസത്തെക്കുറിച്ച് കേശവൻ നമ്പൂതിരിയുടെ അഭിപ്രായങ്ങൾ എന്തെല്ലാം?

21. ബോധധാരാനോവൽ എന്നാൽ എന്ത്? മലയാളത്തിൽ നിന്നും ഉദാഹരണങ്ങളെഴുതുക.

22. 'മിണ്ടാപ്പെണ്ണി'ലെ നായികയെ ഉറൂബ് അവതരിപ്പിക്കുന്നതെങ്ങനെ?

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ ഏതെങ്കിലും **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. സൂരി നമ്പൂതിരിപ്പാടിന്റെ സ്വഭാവചിത്രണം നടത്തുക.

24. 'ഭരതൻ' എന്ന നോവലിൽ ആവിഷ്കൃതമാകുന്ന ആധുനികതയുടെ സവിശേഷതകൾ വിവരിക്കുക.

25. 'പുതിയ കാല്പാടുകൾ പഴയ കാല്പാടുകളെ മായ്ക്കുന്നു' - ഒരു തെരുവിന്റെ കഥയെ മുൻനിർത്തി ഈ മാറ്റം വിവരിക്കുക.

26. 'എന്റെ വിളക്കു കത്തിക്കപ്പെടുകയുണ്ടായില്ല' - ആരുടെ ചിന്ത? സന്ദർഭം വിശദീകരിക്കുക.

27. 'ശ്രീകോവിലിനുള്ളിലേക്ക് ഒരു കൊടുങ്കാറ്റ് തല നീട്ടിയിരിക്കുകയാണ്. പതറാതെ നിന്നു കത്തി' - സന്ദർഭം വിശദമാക്കി കഥാപാത്രവിചിന്തനം ചെയ്യുക.

28. ശിവശങ്കരൻ നായരുടെ ആത്മനിന്ദയ്ക്കുള്ള കാരണമെന്ത്?

29. "ഈ കണ്ണുകളുടെ ആകൃതി എന്റെ ആത്മാവിൽ നിരവധി അച്ചുകൾ വീഴ്ത്തിയിട്ടുണ്ടല്ലേ" - സന്ദർഭവും കഥാപാത്രത്തിന്റെ മാനസികഘടനയും വ്യക്തമാക്കുക.

30. 'ചരിത്രാഖ്യായിക' എന്ന സാഹിത്യജനുസ്സിനെ പരിചയപ്പെടുത്തുക. മലയാളത്തിലെ ചരിത്രാഖ്യായികൾ പരിചയപ്പെടുത്തുക.

31. സത്തും അസത്തും ചേരുന്നതാണ് 'വിലായത്ത് ബുദ്ധ' - വിവരിക്കുക.

**(6 × 4 = 24 Marks)**

VTM NSS COLLEGE LIBRARY

IV. **മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. നവോത്ഥാനകാല സാമൂഹികമാറ്റങ്ങളെ 'ഇന്ദുലേഖ' അടയാളപ്പെടുത്തിയിരിക്കുന്നത് എങ്ങനെ? വിശദീകരിക്കുക.

33. കേരളത്തിലെ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ വളർച്ചയുടെ വേറിട്ട കാഴ്ചയാണ് 'ഉഷ്ണമേഖല' - വിലയിരുത്തുക.

34. ആദ്യകാല സ്ത്രീരചനയുടെ സവിശേഷതകൾ രാജലക്ഷ്മിയുടെ 'ഒരു വഴിയും കുറെ നിഴലുകളും' എന്ന കൃതിയെ മുൻനിർത്തി വിശദീകരിക്കുക.

35. ജീവിതാഘോഷങ്ങൾ നഷ്ടപ്പെട്ട നമ്മുടെ നിത്യദുരന്തത്തിന്റെ തിരിച്ചറിവാണ് 'ചരമവാർഷികം'. ചർച്ച ചെയ്യുക.

**(2 × 15 = 30 Marks)**

VTM NSS COLLEGE LIBRARY